# ഗവ. എൽ പി എസ്
# കളപ്പില

# അക്കാഡമിക്
# മാസ്റ്റർ പ്ലാൻ
## 2025 - 26


## ഗവ. എൽ പി എസ്. കളപ്പില


### പ്രാധമിക വിവരങ്ങൾ


| | | |
|---|---|---|
| റവന്യൂ ജില്ല | - | കൊല്ലം |
| വിദ്യാഭ്യാസ ജില്ല | - | കൊട്ടാരക്കര |
| സബ് ജില്ല | - | വെളിയം |
| ബി ആർ സി | - | വെളിയം |
| സി ആർ സി | - | ഓടനാവട്ടം |
| പഞ്ചായത്ത് | - | വെളിയം |
| വില്ലേജ് | - | ഓടനാവട്ടം |
| വാർഡ് | - | കളപ്പില |
| പോസ്റ്റോഫീസ് | - | ചെപ്ര |
| ക്ലാസ് | - | പ്രീ പ്രൈമറി മുതൽ നാല് വരെ |

## BUILDING PLAN

Govt L P S KALAPPILA



# ഗവ. എൽ പി എസ്. കളപ്പില

# അക്കാഡമിക് മാസ്റ്റർ പ്ലാൻ

## ആമുഖം

1932 ൽ സ്ഥാപിതമായ കളപ്പില എൽ പി എസ് ആദ്യകാലത്ത് ഒരു സ്വകാര്യ വ്യക്തിയുടേത് ആയിരുന്നു. അക്കാലത്ത് ഈ പ്രദേശത്തുനിന്ന് മറ്റ് സ്ഥലങ്ങളിൽ പഠനത്തിനായി എത്തിച്ചേരാൻ പ്രയാസമായിരുന്നു. അതിനാൽ എല്ലാവരും ഈ സ്കൂളിനെ ആശ്രയിച്ചുപോന്നു. എന്നാൽഇപ്പോൾ വാഹനങ്ങളും റോഡുകളും പാലങ്ങളും ആയതോടെ ഈ പ്രദേശത്തുള്ളവർ കുട്ടികളെ മറ്റ് സ്ഥലങ്ങളിലേക്ക് കൊണ്ടുപോകാൻ തുടങ്ങി. അങ്ങനെ ഒരു സമയത്ത് അടച്ചുപൂട്ടൽ ഭീഷണി നേരിട്ട സ്കൂൾ, നല്ലവരായ നാട്ടുകാരുടെയും അധ്യാപകരുടെയും ശ്രമഫലമായി കാര്യക്ഷമമായി പ്രവർത്തിച്ചു തുടങ്ങി. എങ്കിലും സമീപ പ്രദേശങ്ങളിൽ ആരംഭിച്ച അൺ എയ്ഡഡ് സ്കൂളുകൾ ഇന്നും ഭീഷണിയായി തുടരുന്നു. ഇതിന് പരിഹാരം കാണുന്നതിനായി പൂർവ്വ വിദ്യാർത്ഥികളുടെ ഒരു സമിതി രൂപീകരിച്ച് കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. പ്രീ പ്രൈമറി മുതൽ 4 വരെയുള്ള ക്ലാസുകൾ പ്രവർ ത്തിക്കുന്ന സ്കൂളിൽ, മികച്ച ക്ലാസ് മുറികളും മറ്റ് ഭൗതിക സാഹചര്യങ്ങളും, പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും, നാട്ടുകാരുടെയും, അധ്യാപകരുടെയും പരിശ്രമത്തിന്റെയും ഫലമായി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

# ഗവ. എൽ പി എസ്. കളപ്പില

## അവസ്ഥാ വിഎശകലനം

### അധ്യാപകർ

| വിഭാഗം | സ്ഥിരം അധ്യാപകർ | താല്കാലിക അധ്യാപകർ | അനധ്യാപകർ |
|---|---|---|---|
| എൽ പി വിഭാഗം | 4 | 0 | പിടിസിഎം – 1<br>കുക്ക് – 1 |
| പ്രീ പ്രൈമറി | 1 | 0 | ആയ - 1 |

## 2024 – 25 അധ്യയന വർഷം കുട്ടികളുടെ എണ്ണം

| വിഭാഗം | I | | II | | III | | IV | | പ്രീ പ്രൈമറി | | ആകെ | |
|---|---|---|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| എൽ പി | 5 | 3 | 4 | 7 | 7 | 6 | 7 | 5 | 12 | 9 | 35 | 30 |
| ആകെ | 8 | | 11 | | 13 | | 12 | | 21 | | 65 | |

## 2025 – 26 അധ്യയന വർഷം കുട്ടികളുടെ എണ്ണം

| വിഭാഗം | I | | II | | III | | IV | | പ്രീ പ്രൈമറി | | ആകെ | |
|---|---|---|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| എൽ പി | 6 | 2 | 6 | 3 | 4 | 6 | 6 | 6 | 9 | 11 | 31 | 28 |
| ആകെ | 8 | | 9 | | 10 | | 12 | | 20 | | 59 | |

# പൊതു ലക്ഷ്യങ്ങൾ

- പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ എത്തിചേരുന്ന മുഴുവൻ കുട്ടികൾക്കും അതത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തും. ഒരു കുട്ടി ഒരു യൂണിറ്റ്.
- ലോവർ പ്രൈമറി ഘട്ടം പൂർത്തിയാകുമ്പോഴേക്കും കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി രക്ഷിതാക്കളെ അറിയിക്കും.
- കുട്ടികളുടെ സർഗ്ഗപരവും, ശാസ്ത്രഗണിതശാസ്ത്ര പ്രവൃത്തി പരിചയമേളകളും കലാകായിക വാസനകളും കണ്ടുപിടിച്ച്, പ്രോത്സാഹിപ്പിച്ച് സംസ്ഥാന ദേശീയ അന്തർദ്ദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും.
- എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തും.
- ഭാഷാവ്യവഹാരശേഷിക്ക് കൂടുതൽ ഊന്നൽ നൽകി പ്രാപ്തരാക്കും.
- ലൈബ്രറി വായന ശാക്തീകരിക്കും.
- മനഃകണക്ക്, ചതുഷ്ക്രിയകൾ എന്നിവ സ്വായത്തമാക്കാനുള്ള കൂടുതൽ പ്രവർത്തങ്ങൾക്ക് ഊന്നൽ നൽകൽ.
- നാലാം ക്ലാസ്സിലെ മുഴുവൻ കുട്ടികളെ എൽ.എസ്.എസ്.പരീക്ഷയ്ക്ക് സജ്ജരാക്കാൻ, എല്ലാവർക്കും നല്ലകോച്ചിംഗ് നൽകൽ, പിന്തുണാസഹായം നൽകൽ
- ശാസ്ത്രപഠനത്തിൽ കുട്ടികളുടെ ആത്മവിശ്വാസം വർദ്ധിപ്പിച്ച് പഠനം എളുപ്പമാക്കൽ, ശാസ്ത്രപഠനത്തിൽ ശാസ്ത്രീയ രീതി പരിശീലിക്കൽ, പ്രക്രിയാശേഷികൾ സ്വാഭാവിക ആർജിക്കൽ, ശാസ്ത്രാഭിരുചി വളർത്തൽ, ശാസ്ത്രനാടകങ്ങൾ, ചരിത്രനാടകങ്ങൾ എന്നിവയുടെ അവതരണം, ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടൽ.
- പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസുകൾ നൽകൽ.
- പഠനോപകരണ നിർമ്മാണം
- പഠനയാത്ര.

# അക്കാദമിക മാസ്റ്റർ പ്ലാൻ

**അടിസ്ഥാനശേഷി വികസനം:-**

**വായന**

**പ്രവർത്തനങ്ങൾ**

1. കുഞ്ഞുവായന (വായനാസാമഗ്രികൾ ഒരുക്കൽ)

   വായനക്കാർഡുകൾ, ചെറുകഥകൾ, കവിതകൾ, കടങ്കവിതകൾ (ചിത്രസഹിതം തയ്യാറാക്കിയത്)

2. അമ്മയ്ക്ക് കുഞ്ഞിനെ അറിയാം: - പാഠപുസ്തക വായന (അരമണിക്കൂർ)

   ലൈബ്രറി പുസ്തകം വീട്ടിലേക്ക് കൊടുക്കുന്നു. അമ്മ കുട്ടിയെ ചേർത്തിരുത്തി വായിപ്പിക്കൽ

   എന്തൊക്കെ കാര്യങ്ങൾ - ആശയങ്ങൾ ഗ്രഹിച്ചിട്ടുണ്ടോ? നോട്ടിൽ ചെറുവാക്യങ്ങൾ, പദങ്ങൾ

3. വായനക്കാർഡുകൾ ഉണ്ടാക്കാം (വീട്ടിൽ നിന്ന് അമ്മയുടെ സഹായത്തോടെ ചെറുവാക്യങ്ങൾ)

4. എന്റെ കുഞ്ഞുപുസ്തകം - പഠിച്ച അക്ഷരങ്ങൾ വരുന്ന വാക്കുകൾ ആകർഷകമായി ചിത്രസഹിതം എഴുതുന്നു. (ഭാഷാപരിപോഷണം)

5. പടിപടിയായി മുന്നോട്ട് - (പിന്നാക്കക്കാർക്ക്, അക്ഷരം, ചിഹ്നം ഉറപ്പിക്കൽ, പദപ്രശ്നം

   സർഗ്ഗാത്മകം : ചെറുകഥകൾ, കവിതകൾ കേൾക്കാൻ അവസരങ്ങൾ ഒരുക്കൽ (ക്ലാസ് ലൈബ്രറി)

   വരികൾ കൂട്ടിച്ചേർക്കൽ

   ചെറുകഥ വായിക്കൽ, കഥയ്ക്ക് പേരിടൽ, കഥാപാത്രങ്ങൾക്ക് പേരിടൽ.

   സംഭാഷണം - അഭിനയം

ഇംഗ്ലീഷ് മലയാളത്തോടൊപ്പം തന്നെ പ്രാധാന്യത്തോടെ എല്ലാവരും നന്നായി കൈകാര്യം ചെയ്യാൻ കഴിയും വിധമുള്ള പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ക്ലാസ്സ് മുറിയിൽ ബോധന മാധ്യമം ഇംഗ്ലീഷ് ക്ലാസ്സ് മാത്രമാക്കുക. അസംബ്ലിയിൽ ആഴ്ചയിൽ രണ്ട് ദിവസം മുഴുനീളം ഇംഗ്ലീഷ് അസംബ്ലിയാക്കുക. ഇംഗ്ലീഷ് പതിപ്പുകൾ, സ്കിറ്റുകൾ (പാഠവുമായി ബന്ധപ്പെട്ട്) ലൈബ്രറിയിൽ ധാരാളം കുട്ടികൾക്കായുള്ള ഇംഗ്ലീഷ് പുസ്തകങ്ങൾ ശേഖരിക്കുന്നു. വായിക്കുന്നു. വായിച്ചവ കുറിച്ചുവയ്ക്കുന്നു.

ചിത്രങ്ങളിൽ നിന്ന് കഥ, കവിതകൾ എന്നിവ സ്വന്തമായി എഴുതുന്നു. ഇംഗ്ലീഷ്, വാർത്തകൾ വായിക്കാനും കാണാനും അവസരങ്ങൾ, ഡയറി എഴുതിക്കുന്നു. ധാരാളം പസിലുകൾ ഉൾപ്പെടുത്തുന്നു. വർക്ക്ഷീറ്റ് നൽകുന്നു.

മലയാളം ബോധനമാധ്യമമാണെങ്കിൽ കൂടി കുട്ടികളെയെല്ലാം ഇംഗ്ലീഷിലും നിപുണരാക്കുന്നു. എൽ.എസ്.എസ് എഴുതുന്ന എല്ലാകുട്ടികൾക്കും വേണ്ട പൂർണ്ണപിന്തുണ.

മുഴുവൻ കുട്ടികളും പരിസരപഠനം പുസ്തകത്തിനപ്പുറത്തേക്ക് തന്റെ നാടിനെ തന്റെ സമൂഹത്തെ, അറിയുന്നതിനും നന്മതിന്മകളെ മനസ്സിലാക്കി, സഹജീവികളോട് സഹാനുഭൂതി ദയ എന്നിവ ഉണ്ടാക്കുന്നതിനും പ്രകൃതി നമുക്കും ഇനിവരുന്നതലമുറയ്ക്കും ഉപയോഗത്തിനുള്ളതാണെന്നും അവ സംരക്ഷിക്കേണ്ടത് നമ്മുടെ കർത്തവ്യമാണെന്നും അറിയുന്നതിനും മാലിന്യവിമുക്തമായൊരു നാടിനായ് വരുതലമുറ എങ്ങനെ പെരുമാറുമെന്നും തിരിച്ചറിവിലേക്കുള്ള പ്രവർത്തനങ്ങൾ.

ദിനാചരണങ്ങൾ, സാമൂഹ്യപ്രസക്തിയുള്ള നാടകങ്ങൾ, സ്കിറ്റുകൾ. സന്ദർഭത്തിനനുസരിച്ച് പൊരുമാറാൻ കുട്ടിയെ പ്രാപ്തനാക്കുന്നവിധം, ജനാധിപത്യബോധവും മതനിരപേക്ഷതയുമുള്ള മികച്ച പൗരന്മാരായി വളർത്താൻ ഉതകുന്നവിധമുള്ള വിദ്യാഭ്യാസം. എൽ.എസ്.എസ്.പരീക്ഷയ്ക്കാവശ്യമായ തീവ്രപരിശീലനം അക്കാദമിക് ഇയറിന്റെ ആദ്യം മുതൽ തന്നെ തുടങ്ങുകയും കുട്ടികളെ മികവിന്റെ പാതയിലേക്ക് നയിക്കുകയും ചെയ്യുന്നു.

# വാർഷിക കലണ്ടർ

| മാസം | പ്രവർത്തനം | ചുമതല | സമ്പത്തികം |
|---|---|---|---|
| ഏപ്രിൽ | ഗൃഹസന്ദർശനം<br><br>പ്രവർത്തനകലണ്ടർ തയ്യാറാക്കൽ | പി.ടി.എ<br>എസ്.എസ്.ജി,<br>ജനപ്രതിനിധികൾ<br>അധ്യാപകർ | |
| മെയ് | സ്കൂളും പരിസരവും ശുചീകരണം<br>ചുമതലാവിഭജനം<br>എസ്.ആർ.ജി യോഗം, ക്ലാസ് ടൈംടേബിൾ തയ്യാറാക്കൽ<br>എസ്.ആർ.ജി, | പി.ടി.എ<br>എസ്.എസ്.ജി,<br>ജനപ്രതിനിധികൾ<br>അധ്യാപകർ | |
| ജൂൺ -1 | പ്രവേശനോത്സവം<br>അക്ഷരത്തൊപ്പി നൽകി കുട്ടികളെ വരവേൽക്കുക.<br>പായസം നൽകി സന്തോഷിപ്പിക്കുക<br>എസ്.ആർ.ജി.യോഗം -2 | | |
| ജൂൺ -2 | അടിസ്ഥാനശേഷി പരിശോധന<br>പരിഹാരബോധനം, ക്ലാസ് പി.ടി.എ | | |
| ജൂൺ-5 | **പരിസ്ഥിതി ദിനം**<br>പഴയമരങ്ങൾ കാത്തുസൂക്ഷിക്കുകയും പുതിയ ചെടികൾ വെച്ചു പിടിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുക. മരത്തിന് ചുറ്റും നിന്നുംകൊണ്ട് സുഗതകുമാരിയുടെ കവിത ചൊല്ലിക്കൊടുക്കുകയും ഏറ്റചൊല്ലുകയും ചെയ്യുക. "തണുത്ത പൂന്തണൽ രീതി"<br>വിവിധ ക്ലബ്ബുകളുടെ രൂപികരണം | പി.ടി.എ<br>എസ്.എസ്.ജി,<br>ജനപ്രതിനിധികൾ<br>അധ്യാപകർ<br>സന്നദ്ധസംഘടനകൾ | |
| ജൂൺ -19 | **വായനദിനം**<br>ലൈബ്രറി പുസ്തകം വായിച്ച് ജൂൺ 25 ആകുമ്പോഴേക്കും കുറിപ്പുകൾ എഴുതുക. ജൂൺ 25 ന് മുമ്പു നടന്ന വായനാ മത്സരം, പത്രക്കുറിപ്പ് ശേഖരിക്കൽ, പത്രക്വിസ്, ലൈബ്രറി പുസ്തകം കുറിപ്പ് തുടങ്ങിയവയിൽ മികച്ച കുട്ടികൾക്ക് സമ്മാനം നൽകി പ്രോത്സാഹിപ്പിക്കൽ.<br>റംസാൻ പ്രാധാന്യം പറഞ്ഞുകൊടുക്കുന്നു.<br>സ്പോക്കൺഇംഗ്ലീഷ്, കമ്മ്യൂണിക്കേറ്റ് ഇംഗ്ലീഷ് തുടക്കം | അധ്യാപകർ<br>രക്ഷിതാക്കൾ<br>സന്നദ്ധസംഘടനകൾ<br>പൂർവ്വവിദ്യാർത്ഥികൾ<br><br>അധ്യാപകർ | |

| മാസം | പ്രവർത്തനം | ചുമതല | സമ്പത്തികം |
|---|---|---|---|
| ജൂൺ -21 | ലോകയോഗദിനം, ലോകസംഗീത ദിനം എന്നിവ ആചരിക്കൽ. | പി.ടി.എ<br>എസ്.എസ്.ജി,<br>ജനപ്രതിനിധികൾ<br>അധ്യാപകർ | |
| ജൂലായ് -12<br><br>ജൂലായ് -21 | ജനറൽ ബോഡിയോഗം<br>ക്ലാസ് പി.ടി.എ, എസ്.ആർ.ജി.യോഗം -2<br><br>ചാന്ദ്രദിം<br>ചാന്ദ്രദിനപ്പതിപ്പ്, ചാന്ദ്രദിനക്വിസ് | പി.ടി.എ<br>എസ്.എസ്.ജി,<br>ജനപ്രതിനിധികൾ<br>അധ്യാപകർ | |
| ആഗസ്റ്റ് -7,9 | ഹിരോഷിമ-നാഗസാക്കി ദിനം | | |
| ആഗസ്റ്റ് -15 | സ്വാതന്ത്ര്യദിനാഘോഷം, പതാക ഉയർത്തുന്നു. സ്വാതന്ത്ര്യദിനത്തിൽ സമൂഹത്തിലെ എല്ലാവരേയും അറിയിച്ചുകൊണ്ടുതന്നെ ആഘോഷിക്കുക, വാർഷികപ്പരീക്ഷയിൽ മികച്ച സ്ഥാനം നേടിയവർക്കുള്ള അനുമോദനം നൽകൽ, കാഷ് അവാർഡ് ഏർപ്പെടുത്തിയവരെ അറിയിക്കുക, പൂർവ്വവിദ്യാർത്ഥികൾക്ക് എസ്.എസ്.എൽ.സി, +2 ഡിഗ്രി തുടങ്ങിയ മേഖലകളിൽ ഉന്നത വിജയം നേടിയ കുട്ടികളെയും അനുമോദിക്കൽ. ബാലസഭ, ക്ലാസ് പി.ടി.എ, എസ്.ആർ.ജി. | പി.ടി.എ<br>എസ്.എസ്.ജി,<br>ജനപ്രതിനിധികൾ<br>അധ്യാപകർ<br>സന്നദ്ധസംഘടനകൾ | |
| ആഗസ്റ്റ് - ഫെബ്രുവരി | എൽ.എസ്.എസ്.കോച്ചിംഗ് ക്ലാസ് | അധ്യാപകർ<br>രക്ഷിതാക്കൾ | |
| സെപ്തംബർ | **ഓണാഘോഷം**<br>ഓണാഘോഷം - ഓണപ്പൂക്കളും, മത്സരങ്ങൾ അമ്മമാരും അച്ഛന്മാരും വന്നിട്ടുള്ള കൂട്ടായ്മയോടും കൂടിയുള്ള ഓണാഘോഷം, കഥ അവതരിപ്പക്കൽ.<br>ആരോഗ്യ-കായിക വിദ്യാഭ്യാസം<br>മാസ്ഡ്രിൽ, കായികക്ഷമത വർദ്ധിപ്പിക്കൽ | അധ്യാപകർ<br>രക്ഷിതാക്കൾ<br>സന്നദ്ധസംഘടനകൾ<br>പൂർവ്വവിദ്യാർത്ഥികൾ | |
| ഒക്ടോബർ-2 | **ഗാന്ധിജയന്തി**<br>സേവനവാരം ആചരിക്കൽ, ഗാന്ധിജിയെക്കുറിച്ചുള്ള സി.ഡി, കവിതകൾ തുടങ്ങിയവ ആലപിക്കുക. പായസവിതരണം.<br>ബോധവൽക്കരണ ക്ലാസ്<br>ഇംഗ്ലീഷ് എൻറിച്ച്മെന്റ് പ്രോഗ്രാം<br>ക്ലാസ് പി.ടി.എ, എസ്.ആർ.ജി.യോഗം -2 | അധ്യാപകർ<br>രക്ഷിതാക്കൾ<br>സന്നദ്ധസംഘടനകൾ<br>പൂർവ്വവിദ്യാർത്ഥികൾ | |

| | | | |
|---|---|---|---|
| നവംബർ -1 | **കേരളപ്പിറവി ദിനം**<br>കുട്ടുകൾക്ക് കേരളത്തിന്റെ പ്രത്യേകത കൾ മനസ്സിലാക്കിക്കൊടുക്കുന്നു. കേരളസംസ്ഥാനം രൂപീകൃതമായത് മുതലായവ | പി.ടി.എ<br>എസ്.എസ്.ജി,<br>ജനപ്രതിനിധികൾ<br>അധ്യാപകർ | |
| നവംബർ 14 | ശിശുദിനാഘോഷം<br>പച്ചക്കറിത്തോട്ടം<br>ക്ലാസ് പി.ടി.എ, എസ്.ആർ.ജി.യോഗം -2 | പി.ടി.എ<br>എസ്.എസ്.ജി,<br>ജനപ്രതിനിധികൾ<br>അധ്യാപകർ | |
| ഡിസംബർ | **ക്രിസ്തുമസ് ആഘോഷം**<br>യേശുക്രിസ്തുവിന്റെ കഥകൾ പറഞ്ഞു കൊടുക്കുന്നു. ആഘോഷങ്ങൾ മനസ്സിലാക്കുന്നു. ക്രിസ്തുമസ് പതിപ്പ് തയ്യാറാക്കുന്നു. കേക്ക് മുറിക്കൽ. ക്രിസ്തുമസ് സദ്യ കെങ്കേമമായി നടത്തുന്നു.<br>നക്ഷത്രനിർമ്മാണം, ആശംസാകാർഡ് ഉണ്ടാക്കൽ<br>ക്ലാസ് പി.ടി.എ, എസ്.ആർ.ജി.യോഗം -2 | പി.ടി.എ<br>എസ്.എസ്.ജി,<br>ജനപ്രതിനിധികൾ<br>അധ്യാപകർ<br>സന്നദ്ധസംഘടനകൾ | |
| ജനുവർ 26 | **റിപ്പബ്ലിക്ക് ദിനം**<br>പതാക ഉയർത്തുന്നു. ദേശീയ ആഘോഷങ്ങളെയും മഹാൻമാരെയു വിവരിക്കുന്നു. ദേശഭക്തിഗാനം, ദേശീയഗാനം എന്നിവ ആലപിക്കുന്നു. ബാലസഭ<br>ക്ലാസ് പി.ടി.എ, എസ്.ആർ.ജി.യോഗം -2 | പി.ടി.എ<br>എസ്.എസ്.ജി,<br>ജനപ്രതിനിധികൾ<br>അധ്യാപകർ<br>സന്നദ്ധസംഘടനകൾ | |
| ഫെബ്രുവരി | മികവുത്സവം<br>വിളവെടുപ്പുത്സവം<br>ബാലസഭ<br>ക്ലാസ് പി.ടി.എ, എസ്.ആർ.ജി.യോഗം -2 | അധ്യാപകർ<br>രക്ഷിതാക്കൾ<br>സന്നദ്ധസംഘടനകൾ<br>പൂർവ്വവിദ്യാർത്ഥികൾ | |
| മാർച്ച് -31 | ബാലസഭ, ക്ലാസ് പി.ടി.എ, എസ്.ആർ.ജി. യോഗം -2<br>**വാർഷികാഘോഷം**<br>വിവിധ കല-കായിക പരിപാടികൾ നടത്തുന്നു. | അധ്യാപകർ<br>രക്ഷിതാക്കൾ<br>സന്നദ്ധസംഘടനകൾ<br>പൂർവ്വവിദ്യാർത്ഥികൾ | |

**മേഖല: അക്കാദമികം**

# ഹ്രസ്വകാല പദ്ധതി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1.എല്ലാകുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | 1. പഠനനില കണ്ടെത്തൽ (പ്രീ ടെസ്റ്റ് വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു.)<br>2.പരിമിതികൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ<br>3. ഇംഗ്ലീഷിലുള്ള അസംബ്ലി<br>4. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് | ജൂലൈ<br>ആഗസ്റ്റ്<br>ആഴ്ചയിൽ ഒരു ദിവസം<br>ആഴ്ചയിൽ 2 ദിവസം | ക്ലാസ്സ് ടീച്ചർ S.R.G.<br>ക്ലാസ്സ് ടീച്ചർ S.R.G.<br>ക്ലാസ്സ് ടീച്ചർ S.R.G. | |
| 2. ഒന്നു മുതൽ നാല് വരെ ക്ലാസ്സുകളിൽ പരിസര പഠനപ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠന നേട്ടം ഉറപ്പിക്കുന്നതിനും എല്ലാ ക്ലാസിലും ശാസ്ത്രമൂല ഉറപ്പാക്കൽ | i മുതൽiv വരെ പഠനത്തിന് സഹായകമായ ശാസ്ത്രമൂലയിൽ ഉണ്ടായിരിക്കേണ്ട മെറ്റീരിയലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ<br>2. സാമഗ്രികൾ വാങ്ങൽ<br>3. സ്കൂൾ ലാബ് സജ്ജമാക്കൽ<br>4. ശാസ്ത്ര സാഹിത്യ പുസ്തകങ്ങൾ വാങ്ങൽ | ജൂലൈ<br>ജൂലൈ<br>ആഗസ്റ്റ് | ക്ലാസ്സ് ടീച്ചർ S.R.G കൺവീനർ<br>H.M,SRG | സ്കൂൾ PTA<br>ടീച്ചർ ഗ്രാന്റ് |

മേഖല : അക്കാദമികം

# മധ്യകാല പദ്ധതി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ദിനാചരണങ്ങൽ ആചരിക്കൽ | എല്ലാ കുട്ടികളും മാതൃഭാഷ എഴുതുവാനും വായിക്കുവാനും പ്രാപ്തമാക്കുന്നു.<br>1. എല്ലാ മാസത്തിലേയും വിശേഷദിവസങ്ങൾ സ്കൂൾ തലത്തിൽ ആചരിക്കുന്നു.<br>2.വിശേഷദിവസത്തിന്റെ പ്രാധാന്യം ഓർമ്മിപ്പിക്കുന്ന തരത്തിൽ സ്കൂൾ അസംബ്ലിയിൽ പ്രഭാഷണങ്ങൾ നടത്തുന്നു.<br>3. വിദഗ്ധരെ കൊണ്ടുവന്നു ക്ലാസ്സ് എടുക്കുന്നു. സെമിനാർ സംഘടിപ്പിക്കുന്നു.<br>4. ദിനാചരണവുമായി ബന്ധപ്പെട്ട് ക്വിസ് നടത്തുന്നു. | എല്ലാ മാസവും<br>എല്ലാ മാസവും<br>എല്ലാ മാസവും | H.M.S.R.G കൺവീനർ<br>H.M.S.R.G കൺവീനർ | |
| എല്ലാ കുട്ടികളെയും മാതൃഭാഷ എഴുതുവാനും വായിക്കുവാനും പ്രാപ്തമാക്കുന്നു. | എല്ലാ കുട്ടികൾക്കും പ്രീ- ടെസ്റ്റ് നടത്തി ഭാഷ ഉറയ്ക്കാത്ത കുട്ടികളെ കണ്ടെത്തുന്നു. അക്ഷരം പടിപ്പിക്കാനായി പ്രത്യേക സമയം കണ്ടെത്തി കുട്ടികളെ പഠിപ്പിക്കുന്നു.<br>മലയാള തിളക്കം എന്ന വിദ്യാഭ്യാസ പരിപാടി സംഘടിപ്പിക്കുന്നു. | ജൂൺ<br>ജൂൺ | ക്ലാസ്സ് ടീച്ചർ S.R.G | |
| കുട്ടികളിൽ വായനാശീലം വളർത്തിയെടുക്കുക | സ്കൂളിലെ കുട്ടികളുടെ സഹായത്തോടെ പൊതുജനങ്ങളിൽ നിന്നും പുസ്തകങ്ങൾ ശേഖരിക്കുന്നു. ഓരോ ക്ലാസിന്റെയും നിലവാരത്തിന് അനുസരിച്ച് പുസ്തകം തരം തിരിക്കുന്നു. ഓരോ ക്ലാസിലും ശേഖരിക്കുന്ന പുസ്തകങ്ങൾ കുട്ടികൾക്ക് ഏത് സമയവും എടുക്കുന്നതിന് അവസരം നൽകുന്നു. വായിക്കുന്ന പുസ്തകങ്ങളുടെ കുറിപ്പ് തയ്യാറാക്കുന്നു. | ആഗസ്റ്റ്<br>ജൂലൈ മുതൽ മാർച്ച് വരെ | ക്ലാസ് അധ്യാപകർ ക്ലാസ് ലീഡർ | പൂർവ്വ വിദ്യാർത്ഥികൾ, സന്നദ്ധ സംഘടനകൾ SSA എന്നിവയുടെ പങ്കാളിത്തം ചെലവ് 50000രൂപ |

| | | | | |
|---|---|---|---|---|
| കുട്ടികളിൽ ഗണിതാശയം രൂപീകരിക്കുന്നതിന് | കുട്ടികളിൽ ഗണിത പഠനത്തിൽ താൽപര്യം ഉണ്ടാക്കുന്നതിനായി ഗണിത ക്ലബ് രൂപീകരിക്കുക. ക്ലബിന്റെ ആഭിമുഖ്യത്തിൽ വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക. ഗണിത പസിലുകൾ, കുസൃതി കണക്കുകൾ, ഗണിത ക്വിസ് സംഘടിപ്പിക്കൽ.<br>ഗണിത രൂപങ്ങൾ എന്ന ആശയം ഉറപ്പിക്കാൻ വിവിധ തരത്തിലുള്ള ഗണിത മോഡലുകൾ നിർമ്മിക്കുന്നു.<br>മുമ്പ് കാണിച്ചിട്ടുള്ള പ്രവർത്തനത്തിലൂടെ ഗണിത ലാബ് രൂപീകരിക്കുന്നു. മോഡലുകൾ ചാർട്ടുകൾ ഗണിത ശാസ്ത്രജ്ഞരുടെ ഫോട്ടോ അവരുടെ പ്രവർത്തനങ്ങൾ എന്നിവ ഗണിത ലാബിൽ പ്രദർശിപ്പിക്കുന്നു. | ഒരു അധ്യയന വർഷം | ക്ലാസ് അധ്യാപകർSSA ഗണിതത്തിൽ അഭിരുചിയുള്ള പൂർവ്വ വിദ്യാർത്ഥികൾ | SSAഅധ്യാപകർ,PTA 20000രൂപ |

ദീർഘകാലം

| ലക്ഷ്യം | പ്രപർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഐ സി ടി സാധ്യതയുടെ പ്രയോജനപ്പെടുത്തൽ | എല്ലാ ക്ലാസ് മുറികളിലും കമ്പ്യൂട്ടർ LCDപ്രൊജക്ടറുകൾ നെറ്റ് സൗകര്യം എന്നിവ ഒരുക്കുന്നു. ഇതിലൂടെ പാഠ പുസ്തകത്തിലെ അറിവുകൾ നേരിട്ട് കുട്ടികളിലെത്തിക്കുന്നു. | രണ്ട് വർഷം | വിദ്യാർത്ഥികൾ, സന്നദ്ധ സംഘടനകൾ, സഹകരണ സ്ഥാപനങ്ങൾ, SSAഅധ്യാപകർ | ഒരു ക്ലാസ് മുറിക്ക് 50000രൂപ |
| ടാലന്റ് ലാബ് രൂപീകരിക്കൽ | ടെസ്റ്റുകൾ നടത്തി പ്രത്യേക അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തുന്നു. അവരെ ഗ്രൂപ്പുകളാക്കി അവർക്ക് പ്രത്യേക പരിശീലനം നൽകുന്നു. അതിനായി ഒരു പ്രത്യേക കമ്മിറ്റി രൂപീകരിക്കുന്നു. ഒന്നാം ക്ലാസിൽ വന്ന് ചേരുന്ന കുട്ടികളിൽ നിന്നാണ് ഇത് തുടങ്ങുന്നത്.<br>നാല് വർഷം കഴിഞ്ഞ് പോകുമ്പോൾ അവർക്ക് അവരുടെ അഭിരുചി മേഖല വികസിപ്പിക്കുന്നതിനുള്ള അവസരങ്ങൾ നൽകുന്നു. ചിത്രരചന പ്രദർശനങ്ങൾ കവിത രചന മത്സരങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുന്നു. | നാല് വർഷം | ക്ലാസ് അധ്യാപകൻ, വിദഗ്ധരായ വ്യക്തികൾ | 2000രൂപ അധ്യാപകർ നൽകുന്നു. |

| | | | | |
|---|---|---|---|---|
| പഠനത്തെ പരിസരബന്ധിതവും കുട്ടികളിൽ പരിസ്ഥിതി അവബോധം വളർത്തുന്നതിനും പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം മനസിലാക്കുന്നതിനും പ്രകൃതി സൗഹൃദ വിദ്യാലയം രൂപീകരിക്കുന്നതിനും | സ്കൂൾ കോമ്പൗണ്ടിൽ നിൽക്കുന്ന ചെടികളുടെ പട്ടിക രൂപീകരിക്കുന്നു. ഓരോ ക്ലാസിലെയും പാഠപുസ്തകത്തിൽ വിവരിക്കുന്ന സസ്യങ്ങൾ, ജന്തുക്കൾ തുടങ്ങിയവയെ പട്ടികപ്പെടുത്തുന്നു. ഇതിൽ സ്കൂൾ കോമ്പൗണ്ടിൽ നിൽക്കുന്ന സസ്യങ്ങളെയും ജീവികളെയും ഒഴിവാക്കി മറ്റ് സസ്യങ്ങളെയും ജീവികളെയും സ്കൂൾ കോമ്പൗണ്ടിൽ എത്തിക്കുവാൻ വേണ്ട പ്രവർത്തനങ്ങൾ നടത്തുന്നു. കുട്ടികൾക്കും അധ്യാപകർക്കും PTA അംഗങ്ങൾക്കും എത്തിക്കാവുന്ന സസ്യങ്ങൽ സ്കൂളിൽ എത്തിക്കുന്നു.<br><br>സ്കൂൾ കോമ്പൗണ്ടിൽ ചെറിയ ജലാശയം ഉണ്ടാക്കി അതിൽ ജലജീവികളെ വളർത്തുന്നു. ജീവികളെ ആകർഷിക്കുന്ന രീതിയിൽ സ്കൂൾ കോമ്പൗണ്ട് സജ്ജമാക്കുന്നു. സ്കൂൾ കോബൗണ്ടിൽ ഫലവൃക്ഷങ്ങൾ വളർത്തി ജീവികളെ ആകർഷിക്കുന്നു. പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് സെമിനാറുകൾ ചർച്ചകൾ എന്നിവ നടത്തുന്നു. ഫിലിം ഷോകൾ സംഘടിപ്പിക്കുന്നു. | 1 വർഷം | അധ്യാപകർ. PTA, പഞ്ചായത്ത്, SSA MLA | ജലാശയ നിർമ്മാണം അപൂർവ്വ ഇനം സസ്യങ്ങൾ ജീവികളെ വാങ്ങൽ ഏകദേശം ചെലവ് 50000 |

**മേഖല : ഭൗതികം**

**ഉപമേഖല: സ്കൂൾ കെട്ടിടം ബലപ്പെടുത്തൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. കാലപഴക്കം ചെന്ന കെട്ടിടം പുനരുദ്ധരിച്ച് ബലപ്പെടുത്തുന്നതിനും ആകർഷകമാക്കുന്നതിനും. | നിലവിലുള്ള കെട്ടിടം തനിമ നഷ്ടപെടാതെ ബലപ്പെടുത്തി മേൽക്കൂര കോൺക്രീറ്റ് ചെയ്ത് ഓടുപാകി പെയിന്റടിച്ച് ആകർഷകമാക്കുക. | 1 വർഷ | ഗവൺമെന്റ് | 30 ലക്ഷം |
| | **ഉപമേഖല. ഓഫീസ് മുറി** | | | |
| 2. ഓഫീസ് പ്രവർത്തനം സുഗമവും കാര്യക്ഷമവും ആക്കുന്നതിന് | പുതിയ ഓഫീസ് മുറി നിർമ്മിച്ച് കംമ്പ്യൂട്ടറും ഇന്റർനെറ്റും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തുക. | 1 വർഷം | S.S.A | 10 ലക്ഷം |
| | **ഉപമേഖല : ക്ലാസ് മുറി** | | | |
| വിവര സാങ്കേതിക വിദ്യയിലൂടെ കുട്ടികളുടെ പഠനം സുഗമമാക്കുന്നതിന്. | സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിച്ച് ആധുനിക വിവര സാങ്കേതിക ഉപകരണങ്ങളും ക്ലാസ് ഉപകരണങ്ങളും സജ്ജമാക്കുക | 1 വർഷം | വിവിധ ഏജൻസികൾ സഹകരണ സംഘം S.S.A | 5ലക്ഷം |

**ഉപമേഖല: പാചകപുര**

| ലക്ഷ്യം | പ്രപർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വൃത്തിയും ആരോഗ്യകരവുമായ സാഹചര്യത്തിൽ ഭക്ഷണം പാകം ചെയ്യുന്നതിനും പാചകം സുഗമമാക്കുന്നതിനും | പുതിയ അടുക്കളയും സ്റ്റോർമുറിയും നിർമ്മിച്ച് ആവശ്യമായ ഉപകരണങ്ങളും സൗകര്യങ്ങളും ഏർപ്പെടുത്തൽ | 1 വർഷം | പഞ്ചായത്ത് | 10 ലക്ഷം |
| | **ഉപമേഖല : ചുറ്റുമതിൽ** | | | |
| സ്കൂൾ സംരക്ഷണം ഉറപ്പുവരുത്തുകയും ആകർഷകമാക്കുകയും | ചുറ്റുമതിൽ പുനരുദ്ധരിച്ച് പുതിയ കവാടം നിർമ്മിക്കുകയും ചുറ്റുമതിൽ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചിത്രങ്ങൾ ആലേഖനം ചെയ്യുന്നതിനും | 1 വർഷം | S.S.A | 10 ലക്ഷം |
| | **ഉപമേഖല :കുട്ടികളുടെ പാർക്ക്** | | | |
| കുട്ടികളുടെ മാനസികവും ശാരീരികവുമായ വികാസത്തിനും വേണ്ടി | സ്കൂൾ കോമ്പൗണ്ടിൽ വിവിധ കളിഉപകരണങ്ങളോട് കൂടിയ പാർക്കു നിർമ്മിക്കുക. | 1 വർഷം | പഞ്ചായത്ത് | 6 ലക്ഷം |

## ഉപമേഖല : കുടിവെള്ള വിതരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വർഷം മുഴുവൻ കുടിവെള്ളം സുലഭമായി ലഭിക്കുന്നതിന് | നിലവിലുള്ള കിണർ ആഴം കൂട്ടി തൊടിയിറക്കി ബലപ്പെടുത്തി മോട്ടോർ സ്ഥാപിച്ച് കുടിവെള്ളം ലഭ്യമാക്കണം. | 1 വർഷം | പഞ്ചായത്ത് | 2 ലക്ഷം |

മേഖല: സാമൂഹികം

| ലക്ഷ്യം | പ്രപർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പൂർവ്വ വിദ്യാർത്ഥി സംഘടന രൂപീകരിക്കൽ | സ്കൂളിലെ പൂർവ്വവിദ്യാർത്ഥി സംഘടന രൂപീകരിക്കുന്നു. ഭാരവാഹികളെ തെരഞ്ഞെടുക്കുന്നു. | ജൂലൈ | H.M<br>SMC<br>SRG | പൂർവ്വ വിദ്യാർത്ഥി സംഘടന ഫണ്ട് |
| ഗ്രന്ഥശാലകൾ, ക്ലബുകൾ, സന്നദ്ധ സംഘടനകൾ പൂർവ്വധ്യാപകർ, സഹകരണ സ്ഥാപനങ്ങൾ വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ | സ്കൂളിനു സമീപമുള്ള ഗ്രന്ഥശാലയുടെ സഹായം സ്കൂളിലെ അക്കാദമിക് രംഗത്ത്ഉപയോഗിക്കുന്നു. പൂർവ്വാധ്യാപകരെ ആദരിക്കുന്നു. സഹകരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായം സ്കൂൾ വികസനത്തിനു ഉപയോഗിക്കുന്നു. വ്യവസായ സ്ഥാപനങ്ങളിൽ നിന്നും സാമ്പത്തിക സഹായം സ്വീകരിച്ചുകൊണ്ട് സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നു. | വർഷം മുഴുവനും | HM<br>SMC<br>SRG | സ്കൂൾ ഡെവലപ്മെന്റ് ഫണ്ട് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ | സ്കൂളിലെ കുട്ടികളുടെ മികവുകൾ രക്ഷിതാക്കളുടെയും പൊതു സമൂഹത്തിന്റെയും അറിവിലേക്ക് ഒരു പ്രത്യേക ദിവസത്തിൽ അവതരിപ്പിക്കുന്നു. കുട്ടികളുടെ വൈവിധ്യമാർന്ന പഠന ഉല്പന്നങ്ങളും പ്രവർത്തനങ്ങളും എല്ലാവർക്കും നിരീക്ഷിക്കുവാനുള്ള അവസരം ഉണ്ടാക്കുന്നു. | ഫെബ്രുവരി മാർച്ച് | SRG | സ്കൂൾ തനത് ഫണ്ട് |